പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6299

08.07.2014-ൽ മറുപടിക്ക്.

# കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി

**ചോദ്യം**

ശ്രീ. എ.കെ. ബാലൻ
ശ്രീ. വി. ശിവൻകുട്ടി
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. കെ. ദാസൻ

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) ആഭ്യന്തര വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിക്ക്, കുറ്റകൃത്യങ്ങളുടെ വിധി നിർണ്ണയത്തിൽ കോടതികളെ സഹായിക്കാൻ യഥാസമയം സാധ്യമാകുന്നുണ്ടോ; ഇതിന്റെ നടപ്പുവർഷത്തെ പ്രവർത്തനം പ്രത്യേകമായി അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

:(എ) കോടതികളിൽ നിന്നും ആവശ്യപ്പെടുന്ന കേസ്സുകൾക്ക് മുൻഗണന നൽകി രാസപരിശോധനാഫലം യഥാസമയം കോടതികൾക്ക് നൽകി വരുന്നുണ്ട്. വർഷത്തിൽ എല്ലാ മാസവും ലബോറട്ടറികളുടെ പ്രവർത്തനം അവലോകനം നടത്തി സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ട്. വകുപ്പിന്റെ നടപ്പുവർഷത്തെ പ്രവർത്തനത്തെക്കുറിച്ച് 12.02.2014-ൽ പ്രത്യേക അവലോകനവും നടത്തിയിട്ടുണ്ട്.

(ബി) കുറ്റകൃത്യങ്ങളിൽപ്പെട്ട തൊണ്ടി സാധനങ്ങൾ രാസ പരിശോധനയ്ക്ക് ലഭിച്ചാൽ വിദഗ്ദ്ധ റിപ്പോർട്ട് നൽകുന്നതിൽ കാലതാമസവും വീഴ്ചകളും വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

: (ബി) വിദഗ്ദ്ധ റിപ്പോർട്ട് നൽകുന്നതിൽ കാലതാമസം വരാറുണ്ട്. എന്നാലും വീഴ്ചകളൊന്നും തന്നെ വന്നിട്ടില്ല. കാലതാമസം ഒഴിവാക്കുന്നതിന് ലാബുകളുടെ ആധുനികവല്ക്കരണം, ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കൽ എന്നിവ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ലബോറട്ടറികളുടെ ആധുനികവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

: (സി) ലബോറട്ടറികളുടെ ആധുനികവത്ക്കരണത്തിന് ആവശ്യമായ തുക 2009-2010 വർഷം മുതലാണ് ലഭ്യമാക്കി തുടങ്ങിയത്. 2013-2014 വരെ 10 കോടി 47 ലക്ഷം രൂപ ചെലവഴിച്ച് ആധുനികവത്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്. ലബോറട്ടറികളുടെ ആധുനികവത്ക്കരണം തുക ലഭ്യമാകുന്നതനുസരിച്ച് നടന്നുകൊണ്ടിരിക്കുകയാണ്.

(ഡി) പരിശോധനയ്ക്ക് ലഭിച്ച തൊണ്ടി സാധനങ്ങളുടെയും സാമ്പിളുകളുടെയും വിദഗ്ദ്ധ റിപ്പോർട്ട് നൽകുവാൻ നിലവിൽ എത്ര കേസ്സുകളിൽ ബാക്കി നിൽപ്പുണ്ട്; കണക്കുകൾ വെളിപ്പെടുത്താമോ; ഒരു വർഷത്തിൽ കൂടുതലായി ബാക്കി നിൽപ്പുള്ളവ ഉണ്ടോ; വിശദമാക്കാമോ?

: (ഡി) രാസ പരിശോധനയ്ക്കായി ലഭിച്ച കേസ്സുകളിൽ 1.6.2014 വരെ 30833 കേസ്സുകൾ പരിശോധനയ്ക്കായി അവശേഷിക്കുന്നു. ഇതിൽ 18246 കേസുകൾ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ളതാണ്.

സെക്ഷൻ ഓഫീസർ